# നഴ്സിംഗിനെക്കുറിച്ച്

## പ്ലസ്ടു വിദ്യാർഥികളോട്

കേരളത്തിലെ 33 ക്രൈസ്തവ സ്വാശ്രയ നഴ്സിംഗ് കോളെജുകളുടെ കൂട്ടായ്മയാണ് AMCSFNCK. സാമൂഹിക നീതിയിലധിഷ്ഠിതവും ഉന്നത നിലവാരം പുലർത്തുന്നതുമായ നഴ്സിംഗ് പരിശീലനത്തിൽ പരിചയ സമ്പന്നരായ സമർപ്പിതരുടെ കൂട്ടായ്മയാണിത്. നഴ്സിംഗ് വൈദഗ്ധ്യം നേടിയവർക്ക് സ്വദേശത്തും വിദേശത്തും എക്കാലത്തും ശ്രേഷ്ഠസ്ഥാനമുണ്ട്. നഴ്സിംഗ് ഉദ്യോഗാർഥികളുടെ അഭിരുചിയനുസരിച്ച് ലഭ്യമായ പാഠ്യപദ്ധതികൾ AMCSFNCK പരിചയപ്പെടുത്തുന്നു.



AMCSFNCK

www.amcsfnck.com

## 01 ബി.എസ്.സി. നഴ്സിംഗ്

### BSc (N)

നാലു വർഷത്തെ പഠനത്തിനൊടുവിൽ യൂണിവേഴ്സിറ്റി ഡിഗ്രി ലഭിക്കുന്ന കോഴ്സ്. **ബി.എസ്.സി. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത കേരള ഹയർസെക്കന്ററി പരീക്ഷയിലോ തത്തുല്യ പരീക്ഷയിലോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് വിഷയങ്ങളിൽ ആകെ 50% മാർക്കോടെ വിജയം.**

ബിരുദധാരികൾക്ക് സ്വദേശത്തും വിദേശത്തും സർക്കാർ, അർധസർക്കാർ, സ്വകാര്യ മേഖലകളിലുള്ള ആശുപത്രികൾ, ക്ലീനിക്കുകൾ, പൊതുജനാരോഗ്യ  കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ്, നഴ്സിംഗ് ട്യൂട്ടർ, ക്ലിനിക്കൽ ഇൻസ്ട്രക്റ്റർ എന്നീ തസ്തികകളിൽ ജോലി സാധ്യതയുണ്ട്.

## 02 എം.എസ്.സി. നഴ്സിംഗ്

### MSc (N)

നഴ്സിംഗ് ബിരുദപഠനവും നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനു ശേഷം ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്കാണ് നഴ്സിംഗ് ബിരുദാനന്തര ബിരുദ പഠനത്തിന് അർഹതയുള്ളത്. രണ്ടു വർഷം ദൈർഘ്യമുള്ള എം.എസ്.സി. പഠനത്തിന് വിവിധ നഴ്സിംഗ് ശാസ്ത്രശാഖകളിൽ പഠന സാധ്യതയുണ്ട്. മെഡിക്കൽ & സർജിക്കൽ, ഒബ്സ്ട്രറ്റിക്ക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, സൈക്യാട്രി, കമ്യൂണിറ്റി ഹെൽത്ത് എന്നിവയാണ് പ്രമുഖ പി.ജി. നഴ്സിംഗ് ശാഖകൾ. സർക്കാർ, സർക്കാരിതര നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലക്ചറർ, പ്രൊഫസർ, പ്രിൻസിപ്പാൾ എന്നിവ കൂടാതെ ആശുപത്രികളിൽ നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് ഡയറക്ടർ, ക്വാളിറ്റി ഓഫീസർ തുടങ്ങിയ തസ്തികകളിലും ഉയർന്ന ശമ്പളത്തോടെ ജോലി സാധ്യത.

## 03 എം.ഫിൽ/പി.എച്ച്.ഡി. ഇൻ നഴ്സിംഗ്

### MPhil / Phd

നഴ്സിംഗ് ശാസ്ത്രവിഷയങ്ങളിൽ ഗവേഷണ അഭിരുചിയുള്ളവർക്ക് എം.എസ്.സി.ക്കു ശേഷം പിൻതുടരാവുന്ന ഉന്നത പഠനമേഖലയാണിത്. നഴ്സിംഗ് കൗൺസിൽ നടത്തുന്ന ഗവേഷണാഭിരുചി ദേശീയ പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന ഉന്നത വിജയം അടിസ്ഥാനമാക്കിയാണ് പ്രവേശനം. നഴ്സിംഗ് കോളെജുകൾ കൂടാതെ കേന്ദ്രസംസ്ഥാന സർക്കാരുകളിലും സർവകലാശാലകളിലും ഉന്നത ഉദ്യോഗസ്ഥരായി തൊഴിൽ സാധ്യത.

## 04 ജനറൽ നഴ്സിംഗ്

### GNM

മൂന്നു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സിൽ പ്രവേശനം നേടാൻ പ്ലസ്ടു പരീക്ഷ വിജയിച്ചാൽ മതി. സർക്കാർ - സർക്കാരിതര ആതുര സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, കമ്യൂണിറ്റി നഴ്സ് എന്നീ തസ്തികകളിൽ ജോലി സാധ്യത.

## 05 പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ്

### PB BSc (N)

ജനറൽ നഴ്സിംഗിനു ശേഷം ഈ ദ്വിവർഷ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർവകലാശാല ബി.എസ്.സി. ബിരുദം സമ്മാനിക്കുന്നു. പ്ലസ്ടുവിന് സയൻസും ജനറൽ നഴ്സിംഗ് ഡിപ്ലോമയും ഉള്ളവർക്ക് അപേക്ഷിക്കാം.

ASSOCIATION OF
THE MANAGEMENTS OF
CHRISTIAN SELF FINANCING
NURSING COLLEGES OF KERALA



# ക്രൈസ്തവ നഴ്സിംഗ് കോളെജ് അസ്സോസിയേഷൻ (AMCSFNCK)

കേരളത്തിലെ മുപ്പത്തിമൂന്ന് ക്രൈസ്തവ സ്വാശ്രയ നഴ്സിംഗ് കോളെജുകളുടെ സംയുക്ത സമിതി AMCSFNCK എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു.

പൂർണരൂപം :

**ASSOCIATION OF THE MANAGEMENTS OF CHRISTIAN SELF FINANCING NURSING COLLEGES OF KERALA**

എറണാകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന

AMCSFNCK പ്രവേശനത്തിനുള്ള പൊതു വിജ്ഞാപനത്തിലൂടെ ബി.എസ്.സി., എം.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. എന്നീ മൂന്ന് കോഴ്സുകളിലെ മാനേജ്മെന്റ് കോട്ടയിലേക്കാണ് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നത്.

**കേരള ക്രൈസ്തവ സ്വാശ്രയ നഴ്സിംഗ് കോളെജുകളിലെ ആകെയുള്ള സീറ്റുകൾ താഴെപ്പറയുന്നു. ഇതിൽ 50% മാനേജ്മെന്റ് സീറ്റുകളാണ്.**

ബി.എസ്.സി. നഴ്സിംഗ്:........................1650

എം.എസ്.സി. നഴ്സിംഗ്:.......................152

പോസ്റ്റ് ബേസിക്ക് ബി.എസ്.സി.:.....240

## കേരളത്തിലെ നഴ്സിംഗ് പ്രവേശന രീതി

ബി.എസ്.സി., പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളിൽ സർക്കാർ സ്ഥാപനങ്ങളിലേക്കും സ്വാശ്രയ കോളേജുകളിലെ 50% സർക്കാർ സീറ്റിലേക്കും പ്രവേശനം നടത്തുന്നതിനു മേൽനോട്ടം വഹിക്കുന്നത് തിരുവനന്തപുരത്തുള്ള എൽ.ബി.എസ്. സെന്ററാണ്. എം.എസ്.സി. നഴ്സിംഗ് പ്രവേശനത്തിന് കേരള പ്രവേശന പരീക്ഷാ കമ്മീഷണറാണ് മേൽനോട്ടം വഹിക്കുന്നത്. കമ്മീഷണർ പൊതുവിജ്ഞാനമിറക്കി അപേക്ഷകൾ സ്വീകരിച്ച് യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റ് ലിസ്റ്റ് തയ്യാറാക്കിയാണ് പ്രവേശനം നടത്തുന്നത്.

സ്വാശ്രയ സ്ഥാപനങ്ങളിലെ ശേഷിക്കുന്ന അമ്പതിൽ മിക്കവാറും 15 ശതമാനം സീറ്റുകൾ മറുനാടൻ മലയാളികളുടെ മക്കൾക്കും ആശ്രിതർക്കും വേണ്ടി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

**ബാക്കിയുള്ള 35% സീറ്റുകളിലേക്ക് കോളേജുകൾ സംയുക്തമായി അസ്സോസിയേഷൻ രൂപവത്കരിച്ചാണ് പ്രവേശനം നടത്തുന്നത്. ഈ മൂന്ന് കോഴ്സുകളും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസുമായി (KUHS) അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്.**

## കേരളത്തിലെ നഴ്സിംഗ് സീറ്റുകൾ

കേരളത്തിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം കണക്കാക്കിയാൽ മലയാളികൾ നഴ്സിംഗ് പഠിക്കാൻ അന്യസംസ്ഥാനങ്ങളിലേക്ക് പോകേണ്ടതില്ല. ബി.എസ്.സി. നഴ്സിംഗിന് കേരളത്തിലാകെ 6055 സീറ്റുണ്ട്.

**കേരളത്തിലെ വിവിധ നഴ്സിംഗ് സീറ്റുകൾ ഇപ്രകാരമാണ്.**

ബി.എസ്.സി. നഴ്സിംഗ്...................... 6055

എം.എസ്.സി. നഴ്സിംഗ്....................... 747

പോസ്റ്റ് ബേസിക്ക് ബി.എസ്.സി....... 845

ജനറൽ നഴ്സിംഗ് & മിഡ്വൈഫ്..... 3982

ഓക്സിലിയറി നഴ്സ് & മിഡ്വൈഫ്......................................... 350

## അപേക്ഷിക്കേണ്ട വിധം

ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് എന്നീ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ 2020 ജൂലൈ 27 മുതൽ ലഭ്യമാണ്.

അസോസിയേഷന്റെ കീഴിലുള്ള എല്ലാ കോളെജുകളിലേക്കും ഒരൊറ്റ അപേക്ഷ മാത്രം നല്കിയാൽ മതി.

ഓൺലൈനായി മാത്രമാണ് അപേക്ഷകൾ സ്വീകരിക്കുന്നത്.


AMCSFNCK

ASSOCIATION OF THE MANAGEMENTS OF CHRISTIAN SELF FINANCING NURSING COLLEGES OF KERALA

Lisie Hospital Campus, Near College of Nursing, Cochin - 682018 Kerala, India

Contact: 0484 2400444, 90481 22033 Email: admission2020@amcsfnck.com

www.amcsfnck.com